## I. ആവർത്തനം 8:8-ലെ ഗോതമ്പ് ജഡാവതാരം ചെയ്തവനും, ക്രൂശിക്കപ്പെട്ടവനും, അടക്കംചെയ്യപ്പെട്ടവനുമായ ക്രിസ്തുവിനെ മുൻകുറിക്കുന്നു

[Deut. 8:8] കോതമ്പും യവവും... ഉള്ള ദേശം...

- ജഡാവതാരത്തിന്റെ ഘട്ടത്തിലുള്ള തന്റെ പൂർണ ശുശ്രൂഷയിൽ ക്രിസ്തു അപരിമേയനായ ദൈവത്തെ പരിമിതനായ മനുഷ്യനിലേക്ക് കൊണ്ടുവന്നു. പരിമിതനായ മനുഷ്യനെന്ന നിലയിൽ ജഡത്തിലുള്ള ക്രിസ്തു സ്ഥലകാലങ്ങളിൽ, അറിവിൽ, തന്റെ പ്രവർത്തനത്തോടുള്ള ബന്ധത്തിൽ പരിമിതനായിരുന്നു. അവന് തന്റെ സ്വാഭാവികമായ മനുഷ്യ ജീവനിൽ ആശ്രിക്കുന്നതായ ഒരു നിലനിൽപ്പുണ്ടായിരുന്നു. തന്റെ ജഡാവതാരത്തിലൂടെയുള്ള ക്രിസ്തുവിന്റെ മനുഷ്യത്വം തന്റെ ദിവ്യത്വത്തെ മറയ്ക്കുകയും അതുവഴി അവന്റെ തേജസ്സിനെ മറയ്ക്കുകയും ചെയ്ത ഒരു പുറംതോടായിത്തീർന്നു; തന്റെ ദിവ്യത്വത്തിന്റെ തേജസ്സിനെ വിടുവിക്കുന്നതിനുള്ള തന്റെ മരണം എന്ന സ്നാനത്താൽ സ്നാനപ്പെടുവാൻ വാഞ്ഛിച്ചുകൊണ്ട് ഞെരുങ്ങുകയും നിർബന്ധിതനാകുകയും ചെയ്തു. തന്റെ ദിവ്യ ജീവനോടുകൂടിയ തന്റെ പരിധിയില്ലാത്തതും അപരിമേയവുമായ ദിവ്യ ആളത്തം തന്റെ ജഡത്തിൽനിന്നു വിടുവിക്കപ്പെടുന്നതിന് കർത്താവ് ശാരീരിക മരണത്തിന് വിധേയനാകണമായിരുന്നു. അവൻ മരണത്തിലൂടെ തന്റെ ദേഹി ജീവനെ നഷ്ടപ്പെടുത്തി. [John 1:14] വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു. [John 7:6] അതുകൊണ്ട് യേശു അവരോടു പറഞ്ഞു, എന്റെ സമയം ഇതുവരെ വന്നിട്ടില്ല, എന്നാൽ നിങ്ങളുടെ സമയം എപ്പോഴും ഒരുങ്ങിയിരിക്കുന്നു. [John 10:11] ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ വച്ചുകൊടുക്കുന്നു. [Luke 12:50] എന്നാൽ എനിക്കു സ്നാനപ്പെടുവാൻ ഒരു സ്നാനമുണ്ട്, അതു നിറവേറുംവരെ ഞാൻ എത്രത്തോളം ഞെരുങ്ങുന്നു! [John 12:24] ...ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു..

- നമ്മെ പരിമിതപ്പെടുത്തുകയും നമ്മെ ഞെരുക്കുകയും ചെയ്യുന്ന സാഹചര്യങ്ങളുടെ മധ്യത്തിൽ ഒരു ഗോതമ്പുമണിയായി നമുക്ക് ക്രിസ്തുവിനെ അനുഭവമാക്കാം, അവൻ ഒരു പരിമിത മനുഷ്യനായിത്തീർന്ന അപരിമേയനായ ദൈവമാണെന്നും ഏതു തരത്തിലുള്ള പരിമിതികളെയും വഹിക്കുവാനുള്ള ശക്തി അവനിൽ ഉണ്ടെന്നും നാം മനസ്സിലാക്കും. പരിമിതനായ ജഡാവതാരം ചെയ്തവന്റെ ജീവിതം നയിക്കുവാൻ, നമ്മുടെ ജീവനായ ക്രിസ്തു ഒരു ഗോതമ്പുമണി എന്ന നിലയിൽ നമ്മുടെ ഉള്ളിലുണ്ട്. അവനിൽ നമ്മുടെ സാഹചര്യവുമായി നാം തൃപ്തരായിരിക്കും. ഗോതമ്പെന്ന നിലയിൽ നാം പരിമിതപ്പെടുവാൻ മനസ്സുള്ളവരും, മരിക്കുവാൻ മനസ്സുള്ളവരും, അടക്കപ്പെടുവാൻ മനസ്സുള്ളവരും, ഒന്നുമല്ലാതായിരിക്കുവാൻ മനസ്സുള്ളവരും ആകുവാൻ ക്രിസ്തു നമ്മുടെ ജീവനാണ്; ഇതാണ് ഗോതമ്പെന്ന നിലയിലുള്ള ക്രിസ്താനുഭവം. [Phil. 4:11] ബുദ്ധിമുട്ട് നിമിത്തം ഞാൻ സംസാരിക്കുന്നതല്ല, ഞാൻ ആയിരിക്കുന്ന ഏതു സാഹചര്യത്തിലും സംതൃപ്തനായിരിക്കുവാൻ ഞാൻ പഠിച്ചിരിക്കുന്നു.

## II. ഗോതമ്പ് ജഡാവതാരം ചെയ്തവനും, ക്രൂശിക്കപ്പെട്ടവനും, അടക്കംചെയ്യപ്പെട്ടവനുമായ ക്രിസ്തുവിനെ സൂചിപ്പിക്കുമ്പോൾ, യവം പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനെ സൂചിപ്പിക്കുന്നു

- നല്ലദേശത്തിൽ, യവം മറ്റെല്ലാ ധാന്യത്തെക്കാളും മുമ്പേ വിളയുന്നു; അതുകൊണ്ട്, അത് ആദ്യഫലമാണ്. അത് കൊയ്ത്തിന്റെ ആദ്യഫലമാണ്—ഏത് സാഹചര്യത്തെയും സന്ധിക്കുവാൻ പ്രാപ്തനായ ഉയിർത്തെുന്നേറ്റവനും പരിധിയില്ലാത്തവനുമായ ക്രിസ്തുവിന്റെ ഒരു മുൻകുറിയാണ്. പുനരുത്ഥാനത്തിന്റെ ആദ്യഫലമെന്ന നിലയിൽ ക്രിസ്തു ശരീരത്തിന്റെ തലയാകേണ്ടതിന് മരിച്ചവരിൽനിന്നുള്ള ആദ്യജാതനാണ്; ശരീരത്തിന്റെ തലയായ അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ ശരീരമായ നാമും ഉയിർപ്പിക്കപ്പെടും. ആദ്യഫലമെന്ന നിലയിൽ ക്രിസ്തു ജീവന്റെ അപ്പമായിത്തീർന്നിരിക്കുന്നു; തന്മൂലം, യവത്തപ്പം നമ്മുടെ ആഹാരമെന്ന നിലയിൽ പുനരുത്ഥാനത്തിലുള്ള ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. നാം ക്രിസ്തുവിനെ യവത്തപ്പമായി ഭക്ഷിക്കുമ്പോൾ നാം അനുഭവമാക്കിയ ക്രിസ്തുവിനെകൊണ്ട് മറ്റുള്ളവരെ പോഷിപ്പിക്കുവാൻ നാം യവത്തപ്പമായിതീരുന്നു. അഞ്ച് എന്ന സംഖ്യ ഉത്തരവാദിത്തത്തെ സൂചിപ്പിക്കുന്നു; ഇത് സൂചിപ്പിക്കുന്നത് പുനരുത്ഥാനം ചെയ്ത ക്രിസ്തു ഉത്തരവാദിത്തം വഹിക്കുവാൻ പ്രാപ്തനാകുന്നു എന്നാണ്; അഞ്ച് യവത്തപ്പം കൊണ്ട് കർത്താവായ യേശുവിന് അയ്യായിരം പേരെ പോഷിപ്പിക്കുവാനും ശേഷിച്ച കഷ്ണങ്ങൾ പന്ത്രണ്ട് കുട്ട ശേഖരിക്കുവാനും കഴിഞ്ഞു; ഇതാണ് പുനരുത്ഥാനം പുനരുത്ഥാനം ചെയ്ത ക്രിസ്തു പരിധിയില്ലാത്തവനാണ്.

  [1 Cor. 15:20] എന്നാൽ ഇപ്പോൾ നിദ്രകൊണ്ടവരിൽ ആദ്യഫലമായി ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചിരിക്കുന്നു. [Col. 1:18] അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു; [Eph. 1:23] എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു. [John 6:48] ഞാൻ ജീവന്റെ അപ്പം ആകുന്നു.. [John 6:9] അഞ്ച് യവത്തപ്പവും രണ്ടു മീനുമുള്ള ഒരു ചെറിയ ബാലൻ ഇവിടെ ഉണ്ട്; എന്നാൽ ഇത്ര അധികം പേർക്ക് അത് എന്താകുന്നു? [John 6:13] അങ്ങനെ അവർ ഭക്ഷിച്ചവർക്കിടയിൽ ശേഷിച്ച അഞ്ച് യവത്തപ്പത്തിൽ നിന്ന് നുറുക്കുകഷ്ണങ്ങൾ ശേഖരിച്ച് പന്ത്രണ്ടു ചെറുകുട്ടകൾ നിറച്ചു.

- ഒരു വശത്ത്, ഗോതമ്പിനാൽ സൂചിപ്പിക്കപ്പെടുന്ന പരിമിതനായ യേശുവിനെ നമുക്ക് അനുഭവമാക്കാം; മറുവശത്ത്, യവത്താൽ സൂചിപ്പിക്കപ്പെടുന്ന പരിധിയില്ലാത്ത ക്രിസ്തുവിനെ നമുക്ക് അനുഭവമാക്കാം. ഗോതമ്പ് മരണത്തിന്റെ താഴ്വരയാണെങ്കിൽ, യവം പുനരുത്ഥാന പർവതമാണ്. പരിമിതനായ യേശു എന്ന ഗോതമ്പിനെ അനുഭവമാക്കുവാൻ, നാം പരിധിയില്ലാത്ത ക്രിസ്തു എന്ന യവത്തെ പ്രയോഗിക്കേണ്ടതാവശ്യമാണ്; പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ ശക്തിയിൽ നാം പരിമിതനായ യേശുവിനെ അനുഗമിക്കുന്നു, നമ്മെ ശക്തരാക്കുന്നവനിൽ നമുക്ക് സകലവും ചെയ്യുവാൻ കഴിയും. ക്രിസ്തുവിനെ നാം ഗോതമ്പായി അനുഭവിക്കുമ്പോഴെല്ലാം, യവമായ ക്രിസ്തുവിന്റെ അനുഭവം പിന്തുടരുമെന്ന് നമുക്ക് ഉറപ്പുണ്ട്. വാസ്തവത്തിൽ, ക്രിസ്തുവിനെ ഗോതമ്പുമണിയായി, പരിമിതനായ യേശുവായി അനുഭവിക്കണമെങ്കിൽ, നാം അവനെ യവമായി, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവായി പ്രയോഗിക്കണം. നമുക്ക് നമ്മിൽത്തന്നെ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയുകയില്ല, എന്നാൽ നമ്മുടെ ഉള്ളിൽ ഒരു യവത്തപ്പം, പരിമിതിയില്ലാത്ത പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ ഒരു ഭാഗം, എല്ലാ ആവശ്യങ്ങളും നിറവേറ്റുകയും, ഒരു ശേഷിപ്പ് ഉളവാക്കുകയും ചെയ്തേക്കാം; ഒന്നിനും അവനെ തടയുവാനോ പരിമിതപ്പെടുത്തുവാനോ കഴിയുകയില്ല. ക്രിസ്തു നമ്മിലുള്ള യവമാണെന്ന് നാം ഓർക്കുന്നുവെങ്കിൽ, നാം ഒരു യോഗത്തിലേക്കു വരുമ്പോൾ, നമ്മുടെ പ്രാർഥനയിലൂടെയോ സാക്ഷ്യത്തിലൂടെയോ മറ്റുള്ളവരെ പോഷിപ്പിക്കുവാൻ നമുക്ക് അവനെ യവമായി പ്രയോഗിക്കുവാൻ കഴിയും.

  [Heb. 13:12-13] അതുകൊണ്ട് യേശുവും, തന്റെ സ്വന്തം രക്തത്തിലൂടെ ജനത്തെ വിശുദ്ധീകരിക്കേണ്ടതിന്, കവാടത്തിനു പുറത്ത് കഷ്ടം സഹിച്ചു. അതുകൊണ്ട് നമുക്ക് അവന്റെ നിന്ദ വഹിച്ചുകൊണ്ട്, പാളയത്തിനു പുറത്ത് അവങ്കലേക്ക് പുറപ്പെട്ടുപോകാം. [Phil. 3:10-11] അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്, മരിച്ചവരിൽ നിന്നുള്ള വിശേഷ പുനരുത്ഥാനം ഞാൻ എങ്ങനെയെങ്കിലും പ്രാപിക്കേണ്ടതിന്, അവൻ നിമിത്തം ഞാൻ സകലത്തിന്റെയും നഷ്ടം സഹിച്ച് അവ ചവറെന്ന് എണ്ണുന്നു.. [John 11:25] യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;